**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1364** **04.02.2019 ൽ മറുപടിയ്ക്ക്**

## കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി വാങ്ങിയ ഭൂമി

**ചോദ്യം**
**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് സർവ്വേ സംബന്ധമായ നടപടികൾ പൂർത്തിയാക്കാൻ 23.10.2018 ൽ റവന്യൂ വകുപ്പിന് നൽകിയ ഫയലിൽ കോട്ടയം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; | (എ) യും (ബി) യും (സി)യും കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ റവന്യൂ വകുപ്പിൽ നിലവിലില്ല. 23/10/2018-ൽ കോട്ടയം ജില്ലാ കളക്ടർ നൽകിയ നിർദ്ദേശം തദ്ദേശ സ്വയംഭരണവകുപ്പ് പരിശോധിച്ചു വരികയാണ്. |
| (ബി) | ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വെ നമ്പരും വിസ്തീർണ്ണവും കൃത്യമായി രേഖപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ എത്രയും വേഗം സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | |
| (സി) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനുവേണ്ടി വാങ്ങിയ ഭൂമിയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിന്റെ ഫയലിന്റെ (ഫയൽ നമ്പർ RC4/137/2017 എൽ.എസ്.ജി.ഡി.) പുരോഗതി വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ